| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 1 | **അക്കാദമിക കലണ്ടർ** ഒരു വർഷത്തെ പ്രവർത്തനങ്ങൾ എല്ലാ കുട്ടികൾക്കും ഫലപ്രദമാകത്തക്ക വിധത്തിൽ സമഗ്രമായും സൂഷ്മമായും രൂപപ്പെടുത്തുന്നു. | മേയ് | എസ്.ആർ. ജി | I - IV | | ഓരോ മാസ അവസാനവും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നു. | 1 |
| 2 | **ആകർഷകരമായ രീതിയിൽ ക്ലാസ് ലൈബ്രറിയും സ്കൂൾ ലൈബ്രറിയും ക്രമീകരിക്കൽ** കുട്ടികളുടെ പങ്കാളിത്തത്തോടെ ലൈബ്രറി പുതുക്കി ക്രമീകരിക്കൽ | മേയ് | കുട്ടികൾ, എസ്.എസ് ജി അധ്യാപകർ | I - IV | | സ്വതന്ത്ര വായനയ്ക്കും, സ്വതന്ത്ര രചനയ്ക്കും സഹായകമായ രീതിയിൽ നിലവാരത്തിനനുസരിച്ച് ക്ലാസുകളിൽ പുസ്തകങ്ങൾ ക്രമീകരിച്ചുവെന്ന് ഉറപ്പാക്കുന്നു. | |
| 3. | **സഞ്ചരിക്കുന്ന പുസ്തകശാല** ഇഷ്ടാനുസരണം പുസ്തങ്ങൾ ലഭ്യമാക്കുന്നതിന് സഹായിക്കുന്നു | | | | | | |
| 4 | **ഫലപ്രദമായ ടീച്ചിംഗ് മാന്വൽ** ഓരോ നിലവാരക്കാരെയും പരിഗണിച്ചുകൊണ്ട് എല്ലാ പഠന നേട്ടങ്ങളും സ്വായത്തമാക്കാൻ പറ്റിയ വിധത്തിൽ ഫലപ്രദമായ T.M തയ്യാറാക്കുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ | | | എല്ലാ ആഴ്ചയും TM-HM ൽ നിന്ന് Sign ചെയ്ത് വാങ്ങുന്നു. കുട്ടികളുടെ സമഗ്രവികസനത്തിന് TM സഹായകമാകുന്നു | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 8 | **ദിനപ്പത്രം, ബാലരമ, കളിക്കുടുക്ക**<br>കുട്ടികൾക്ക് വായനയ്ക്ക് അനുഗുണമായ രീതിയിൽ ബാലരമ, കളിക്കുടുക്ക ദിനപത്രം ഇവ ക്രമീകരിക്കുന്നു. വായനയ്ക്ക് അവസരം നൽകുക, ഗ്രൂപ്പ് ലീഡർ വിലയിരുത്തൽ നടത്തുക | ജൂൺ-മാർച്ച് | ഗ്രൂപ്പ് ലീഡർ, അധ്യാപകർ | I - IV | സ്പോൺസറിംഗ് എസ്.എസ്.ജി ജന പ്രതിനിധികൾ | എല്ലാകുട്ടികളെയും മികച്ച വായനക്കാരാക്കുന്നു. ഓരോ ആഴ്ചയും വിലയിരുത്തുന്നു | |
| 9 | **അക്ഷരം,അടയാളം ഇവ ഉറപ്പിക്കൽ**<br>വിവിധ നിറങ്ങളാൽ ഉറപ്പിക്കേണ്ട അക്ഷരം പ്രദർശിപ്പിക്കുന്നു. വായനയ്ക്ക് നൽകുന്നു. നിർദ്ദിഷ്ട അക്ഷരം വരുന്ന ധാരാളം പദങ്ങൾ പ്രത്യേകം ലിസ്റ്റ് ചെയ്ത് പ്രദർശിപ്പിക്കുന്നു. വായനയ്ക്ക് നൽകുന്നു. | ജൂൺ-മാർച്ച്<br>ജൂൺ-സെപ്റ്റംബർ | | I - IV | | ഓരോ പാഠത്തിനും അനുസരണമായി പൂരിപ്പിക്കുക എന്നതരത്തിലുള്ള വർക്കുകൾ നൽകി വിലയിരുത്തുന്നു. അടയാളങ്ങളില്ലാതെ ചെറകഥകൾ നൽകുന്നു. ഉചിതമായ അടയാളങ്ങൾ ചേർത്ത് കഥ പൂർത്തിയാക്കി ക്ലാസിൽ വായിച്ചവതരിപ്പിക്കുന്നു. | 2 |
| 10 | **വായനക്കാർഡുകൾ വായനയ്ക്ക്**<br>അക്ഷരക്കാർഡ്, പദക്കാർഡ്, വാക്യക്കാർഡ്, കഥാകാർഡുകൾ, കഥാപുസ്തകങ്ങൾ വായനയ്ക്ക് നൽകുന്നു | ജൂൺ-മാർച്ച് | അധ്യാപകർ | I - II | | വായനയിൽ താല്പര്യം വർദ്ധിപ്പിക്കും. ഒഴിവുവേള വായനയിലൂടെ ആനന്ദകരമാക്കുന്നു. | 2,3 |
| 11 | **ബാലസഭയിലൂടെ തിളങ്ങാം**<br>ബാലസഭയിൽ വായിച്ച പുസ്തകങ്ങളെക്കുറിച്ച് വിവരണം നൽകൽ | ജൂൺ-മാർച്ച് | വിദ്യാഭ്യാസ കൺവീനർ | III–IV | | മാസത്തിൽ ഒരു ദിവസം അവതരണത്തിന് അവസരം നൽകുന്നു. വിലയിരുത്തുന്നു. | 3 |
| 12 | **വായനക്കുറിപ്പ്**<br>മികച്ച വായനാക്കുറിപ്പ് തയ്യാറാക്കുന്നവരെ അസംബ്ലിയിൽ അഭിനന്ദിക്കൽ | ജൂൺ-മാർച്ച് | അധ്യാപകർ | II-III–IV | 500 | പ്രോത്സാഹനം നൽകുന്നത് മുന്നേറാൻ സഹായകമാകും | 2,3 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 13 | **<u>വിദ്യാലയത്തിന് എന്റെ വക</u>**<br>കുട്ടികളുടെ ജന്മദിനത്തിൽ വിദ്യാലത്തിന് ഒരു പുസ്തകം നൽകൽ | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ | I-IV | | നല്ല പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ കുട്ടികൾ ക്കും രക്ഷിതാക്കൾക്കും സാധിക്കും. കൂടാതെ വിദ്യാലത്തിന് ധാരാളം ലൈബ്രറി പുസ്തകങ്ങൾ സ്വന്തമാകും | 2 |
| 14 | **<u>ലൈബ്രറി സന്ദർശനം</u>**<br>സ്കൂൾ പരിസരത്തുള്ള ദേവീവിലാസം ലൈബ്രറി സന്ദർശിച്ച് അംഗത്വം നേടൽ | ജൂൺ | എസ്.ആർ. ജി കൺവീനർ | III-IV | | വായനയോടുള്ള അഭരുചി വർദ്ധിപ്പിക്കാൻ സഹായിക്കും. പുസ്തക ക്രമീകരണങ്ങൾ കണ്ടു മനസിലാക്കാനും സാധിക്കും | |
| 14 | **<u>അമ്മവായന</u>**<br>അമ്മ വായനയെ പരിപോഷിപ്പിക്കുന്നതിന് പുസ്തകങ്ങൾ വീടുകളിൽ കൊടുത്തയയ്ക്കൽ | ജൂൺ - മാർച്ച് | എസ്.ആർ. ജി കൺവീനർ | MPTA | | അമ്മവായന പരിപോഷിപ്പിച്ചാൽ കുട്ടികൾക്കു ഗുണം ചെയ്യും.ആനിവേഴ്സറിയിൽ മികച്ച വായനക്കാരിയായ അമ്മയ്ക്ക് പ്രോത്സാഹനം നൽകുന്നത് മറ്റു ധാരാളം പേർക്ക് ഗുണം ചെയ്യും | |
| 16 | **<u>അടിക്കുറിപ്പ് തയ്യാറാക്കൽ</u>**<br>എല്ലാ കുട്ടികൾക്കും ഒരേ ചിത്രം നൽകുന്നു. അവയെ നിറം നൽകി ആകർഷകമാക്കിയ ശേഷം അടിക്കുറിപ്പ് എഴുതുന്നു | ഓരോ ആഘോഷമായി ബന്ധപ്പെട്ട് നൽകുന്നു. | അധ്യാപകർ | I-IV | | കുട്ടികളുടെ സർഗ്ഗാത്മകതയും, ആശയ മികവും അളക്കാൻ സാധിക്കും | 3 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 17 | **ഡിജിറ്റൽ ഡോക്യുമെന്റേഷൻ**<br>ദിനാഘോഷങ്ങൾക്കനുസൃതമായ വ്യത്യസ്ത ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. സർഗ്ഗാത്മകതയ്ക്ക് അനുയോജ്യയമാം വിധത്തിലുള്ള ലേഖന പ്രവർത്തനങ്ങളും അവതരിപ്പിക്കാനുള്ള അവസരങ്ങളും നൽകുന്നു | ജൂൺ- മാർച്ച് | ഓരോ ക്ലബിന്റെയും കൺവീനർ | I-IV | 250/ | ദിനങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് പഞ്ചേന്ദ്രിയാനുഭവങ്ങളിലൂടെ പഠിക്കാൻ സാധിക്കുന്നു | 4 |
| 18 | **മാസത്തിൽ ഒരു മത്സരം**<br>വിവിധ ക്ലബ്ബുകൾ നേതൃത്വം നൽകുന്ന മത്സരങ്ങൾ മാസത്തിൽ ഒരിക്കൽ നടക്കുന്നു. കഥപറയൽ, കഥാരചന, കവിത ചൊല്ലൽ, വരികൾ ചേർക്കൽ, പാചകസഖി(പാചക ക്കുറിപ്പ്) സാഹിത്യ നായകൻമാരുടെ ചിത്രശേഖരണം | ജൂൺ- മാർച്ച് | വിവിധ ക്ലബ് കൺവീനർ | I-IV | | Talent Lab – ലേയ്ക്ക് തിരഞ്ഞെടുക്കാൻ സാധിക്കും | 4,5 |
| 19 | **അമ്പിളിമാമനൊരു കത്ത്**<br>ചാന്ദ്രദിനത്തോടനുബന്ധിച്ച് അമ്പിളി മാമന് ഒരു കത്തെഴുതൽ എന്ന പ്രവർത്തനം നൽകുന്നു. കത്ത് മൈക്കിലൂടെ വായിച്ചു കേൾപ്പിക്കുന്നു. പതിപ്പ് രൂപപ്പെടുത്തുന്നു | ജൂലൈ 21 | ഗ്രൂപ്പ് ലീഡേഴ്സ്, അധ്യാപകർ | I-W | | പതിപ്പ് രൂപപ്പെടുന്നു. കത്ത് എഴുതേണ്ട രൂപം മനസിലാക്കുന്നു. | 4,5 |
| 20 | **പോസ്റ്റ് ബോക്സ്**<br>അഭിനന്ദനക്കത്തുകൾ പോസ്റ്റിലൂടെ കൈമാറുന്നു. ഒരാൾ പോസ്റ്റ്മാൻ | ജൂൺ-മാർച്ച് | അധ്യാപകർ | I-IV | 500/ | ലേഖനത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നു. മാനസിക സന്തോഷത്തിന് കാരണമാകുന്നു. | 4 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 21 | **ബാലകൗമുദി**<br>വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി മാസത്തിൽ ഒരിക്കൽ ബാലകൗമുദി എന്ന പത്രം ക്രമീകരിക്കണം. 3,4 ക്ലാസുകാർക്ക് പ്രാധാന്യം നൽകണം | ജൂൺ -മാർച്ച് | വിവിധ ഹൗസുകൾ | I-IV | ഗ്രൂപ്പ് ലീഡേഴ്സ്, ടീച്ചേഴ്സ് | വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ ഓർത്തുവയ്ക്കാനും വിശേഷങ്ങൾ കൈമാറാനും ബാലകൗമുദിയിലൂടെ സാധിക്കുന്നു | |
| 22 | **സർഗ്ഗച്ചുമര്**<br>സവിശേഷവൈഭവമുള്ള കുട്ടികളുടെ നേതൃത്വത്തിൽ സർഗ്ഗച്ചുമര് ക്രമീകരിക്കൽ, സർഗ്ഗസൃഷ്ടകൾ കൊണ്ട് ചുവരിനെ ആകർചകമാക്കൽ | ജൂൺ- മാർച്ച് | Talent Lab ലെ അംഗങ്ങൾ | I-IV | Talent Lab | ഓരോ കുട്ടിയുടെയും സർഗ്ഗാത്മകതയുടെ വ്യക്തമായ വിലയിരുത്തൽ നടത്താൻ സാധിക്കുന്നു | 5 |
| 23 | **അസംബ്ലി**<br>അസംബ്ലിയിൽ പത്രവാർത്ത വായന, ചിന്താവിഷയെ അവതരണം, ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് (ക്വിസി, വിവരണം) കഥാസംഗ്രഹം അവതരണം | ജൂൺ- മാർച്ച് | അധ്യാപകർ, കുട്ടികൾ | I-IV | | പത്രം വായിക്കുന്നതിനും ചോദ്യങ്ങൾ കണ്ടെത്തുന്നതിനുമുള്ള കഴിവ് വർദ്ധിക്കും | 5 |
| 24 | **വായന- മൈക്കിലൂടെ**<br>മാതൃകാവായന മൈക്കിലൂടെ (അധ്യാപകർ)മികച്ച വായനക്കാർ ഇവർ നേതൃത്വം നൽകുന്നു | മാസത്തിലൊരു ദിവസം | അധ്യാപകർ, കുട്ടികൾ | II-IV | | മാതൃക വായന കുട്ടികളുടെ വായനയെ സ്വാധീനിക്കും | 5 |
| 25 | **വായ്ത്താരികൾ -ശേഖരിക്കൽ**<br>പഴഞ്ചൊല്ല്, കടങ്കഥ, കവിതകൾ, കഥകൾ, വ്യത്യസ്ത കഥാപാത്രങ്ങൾ നാടൻ പാട്ടുകൾ, വായ്ത്താരികൾ ഇവ ശേഖരിച്ച് അവയെക്കുറിച്ച് ധാരണ | ജൂൺ -മാർച്ച് | അധ്യാപകർ, കുട്ടികൾ | I-IV | കവികൾ | സാഹിത്യ മികവിനും കേരളത്തനിമ, സംസ്കാരം ഇവ മനസിലാക്കാനും ഇവ സഹായിക്കും | 3,5 |
| 26 | **പതിപ്പുകൾ**<br>വ്യത്യസ്ത സൃഷ്ടികൾ ഉൾപ്പെടുത്തി പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | ഗ്രൂപ്പ് ലീഡേഴ്സ്, അധ്യാപകർ | I-IV | | സർഗ്ഗ സൃഷ്ടികൾ രൂപപ്പെടുത്താൻ സഹായിക്കുന്നു | 4 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 27 | **എന്റെ സ്വന്തം പുസ്തകം**<br>Portfoliyo യിലെ വർക്കുകളിൽ നിന്നും സവിശേഷമായവയെ ഉൾപ്പെടുത്തി കുട്ടിപുസ്തകങ്ങൾ ഒന്നോ രണ്ടോ കുട്ടികളെങ്കിലും തയ്യാറാക്കൽ, വർഷാവസാനം വിദ്യാലത്തിന് ഒരു പുസ്തകം തയ്യാറാക്കി ആനിവേഴ്സറിയ്ക്ക് പ്രകാശനം ചെയ്യൽ | മാർച്ച് | വിദ്യാരംഗം ക്ലബ് കൺവീനർ | I-IV | 1000/ | വർഷാവസാനത്തിൽ കുട്ടികശുടെ വ്യത്യസ്ത രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുസ്തകം തയ്യാറാക്കൽ | |
| 28 | **പഠനം - ഐ. ടി സാധ്യതയിലൂടെ**<br>• മൗസ്, കീബോർഡ് ഇവ ഉപയോഗിക്കാനുള്ള കഴിവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നു<br>• പഠന പ്രവർത്തനങ്ങഴും ചില ദിനങ്ങളുടെ പ്രാധാന്യവും കഠ സാധ്യത ഉപയോഗിച്ച് നടത്തുന്നു.<br>• സ്വന്തം പേര് മലയാളത്തിൽ ടൈപ്പ് ചെയ്യാൻ പരിശീലിപ്പിക്കുക. | ആഴ്ചയിലൊരിക്കൽ ജൂൺ മാർച്ച് | അധ്യാപകർ | I-IV | | കമ്പ്യൂട്ടർ പുസ്തകത്തിലെ വർക്കുകൾ സ്വന്തമായി കമ്പ്യൂട്ടർ ഉപയോഗിച്ച് ചെയ്യുവാൻ സാധിക്കുന്നു. | 6 |

**മേഖല : അക്കാദമികം**

**ഉപമേഖല : ഗണിതശാസ്ത്രം**

**ലക്ഷ്യങ്ങൾ**

1. ഗണിതശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിൽ എത്തിക്കുക
2. ഗണിതത്തിലെ  അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നൽകുക
3. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
4. പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക
5. ഗണിതത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | പ്രവർത്തനഫലം വിലയിരുത്തൽ | ധനകാര്യ വിശകലനം | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 1 | **PRE TEST**<br>ഗണിതാഭിരുചി മനസിലാക്കുന്നതിന് പ്രീ-ടെസ്റ്റ് നടത്തുന്നു. ഗണിതത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ കണ്ടെത്തുക | ജൂൺ | ക്ലാസ് ടീച്ചർ | I-IV | | 100/ | 1 |
| 2 | **ഗണിത പാക്കേജ്**<br>മികവേറിയ കുട്ടികൾക്കും, പിന്നോക്കക്കാർക്കും ഗണിതാഭിരുചി വർദ്ധിപ്പിക്കാനാവശ്യമായ വർക്കുകൾ ചേർത്ത് വ്യത്യസ്ത ഗണിത പാക്കേജ് തയ്യാറാക്കുന്നു | ജൂൺ | വിദഗ്ദ്ധർ | I-IV | On Sight Support നൽകി ഗണിതത്തിൽ മുന്നേറാൻ സായിക്കുന്നു | 200/ | 1 |
| 3 | **ഗണിതലാബ് സജ്ജീകരിക്കൽ**<br>ക്ലാസുകളിൽ രൂപപ്പെടുന്നതും രൂപപ്പെടുത്തുന്നതുമായ ഗണിത സാമഗ്രികൾ വിവിധതരം രൂപങ്ങൾ വിവിധ പസിലുകൾ, വിവിധ അളവുകൾ ഇവയെല്ലാം ചേർത്ത് ഗണിതലാബ് സജ്ജീകരിക്കൽ. | ആഗസ്റ്റ് | ഗണിത ക്ലബ് കൺവീനർ | I-IV | | | 1,2 |
| 4 | **ഗണിത ചുമര്/സർഗ്ഗചുമര്**<br>ഗണിതശേഷിയും,യുക്തി ചിന്തയും ഉണർത്തുന്നതിനു വേണ്ടി ഗണിത ചിത്രങ്ങൾ കൊണ്ട് ചുവരുകൾ ആകർഷകമാക്കുക<br>ഗണിതശാസ്ത്രജ്ഞർ, ഗണിതരൂപങ്ങൾ എന്നിവ)<br>കുട്ടികൾ തയ്യാറാക്കിയ വിവിധരൂപങ്ങൾ, ഗണിതക്വിസ് എന്നിവ സർഗ്ഗചുവരിൽ പ്രദർശിപ്പക്കൽ | ജൂലൈ - മാർച്ച് | കുട്ടികൾ | I-IV | നിത്യേന കാണുന്നതുകൊണ്ട് അവ മനസിൽ തങ്ങി നിൽക്കും. കുട്ടികളിൽ ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ സഹായിക്കും | | 2,3 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | പ്രവർത്തനഫലം വിലയിരുത്തൽ | ധനകാര്യ വിശകലനം | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 5 | **ഗണിതം മധുരമാക്കാൻ IT**<br>• കമ്പ്യൂട്ടറിലൂടെ ഗണികകേളികളിൽ ഏർപ്പെടുന്നു(നിറം നൽകൽ, ചിത്രം വരയ്ക്കൽ<br>• ഫയൽ ക്രിയേറ്റ് ചെയ്ത് സ്വന്തം വർക്കുകൾ സൂക്ഷിക്കുന്നു<br>• ഓരോ മാസത്തെയും തങ്ങളുടെ ഉയരവും ഭാരവും കണ്ടെത്തി അവ രേഖപ്പെടുത്തൽ | ജൂൺ- മാർച്ച് | കുട്ടികൾ | I-IV | സ്വയം വിലയിരുത്തുന്നതിന് സാധ്യമാകും | | 5 |
| 6 | **ഗണിത ക്ലബ്**<br>മനഃക്കണക്കുകൾ, മാന്ത്രിക ചതുരം, കലണ്ടർ പാറ്റേൺ, പ്രായോഗിക പ്രശ്നങ്ങൾ, ഗണിതക്വിസ്ഇവ യാഥാർത്ഥ്യമാക്കുന്നതിനായി ഗണിത ക്ലബ് | ജൂൺ- മാർച്ച് | ഗണിതക്ലബ് കൺവീനർ | I-IV | പഠന പിന്നാക്ക അവസ്ഥ പരിഹരിക്കാൻ യൂണിറ്റ് ടെസ്റ്റ് | | 3 |
| 7 | **നമ്മൾ മുന്നോട്ട്**<br>പിന്നാക്കക്കാർക്ക് വസ്തു ബന്ധിതമായി ഗണിതപ്രവർത്തനങ്ങൾ നൽകൽ സംഖ്യാകാർഡ്, സംഖ്യാറിബൺ ലഘുപ്രായോഗിക പ്രശ്നങ്ങൾ ഇവ നൽകി മുൻ നിരയിലെത്തിക്കൽ | ജൂൺ- മാർച്ച് | | I-IV | | | 2,4 |
| 8 | **Maths Kit**<br>ഗണിതപഠനത്തിന് സഹായകമായ വിവിധ വസ്തുക്കൾ ശേഖരിക്കുന്നു. ഓരോ വസ്തുക്കളിലെയും ഗണിതാശയങ്ങളെ യുക്തിപരമായി വിശകലനം ചെയ്യുന്നു. | ജൂൺ- മാർച്ച് | | I-IV | | | 3 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | പ്രവർത്തനഫലം വിലയിരുത്തൽ | ധനകാര്യ വിശകലനം | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 9 | **ഗണിതം- നിത്യജീവിതത്തിൽ**<br>പ്രായോഗിക പ്രശ്നങ്ങൾക്ക് പ്രാധാന്യം നൽകൽ (വിലവിവരപട്ടിക തയ്യാറാക്കൽ, കച്ചവടക്കളി, ക്ലാസിൽ ഒരു കുട്ടിച്ചന്ത എന്നിവ) | ജൂൺ- മാർച്ച് | Maths Club convener | I-IV | ഗണിത ക്വിസ്<br>ഗണിത പസിൽ<br>ഗണിത ചാർട്ട് | 200 | 4 |
| 10 | **Talent Lab**<br>ഗണിത തല്പരരെ Talent lab ൽ ഉൾപ്പെടുത്തി വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | | Maths Club convener | III-IV | | | 1 |
| 11 | **ഗണിതമാഗസിൻ**<br>ഗണിതവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരുടെ ചിത്രങ്ങളും വിവരങ്ങളും അടങ്ങിയ കുറിപ്പുകളും Portfolio യിൽ സൂക്ഷിച്ചിട്ടുള്ള ഗണിതവർക്കുകളും ചേർത്ത് ഗണിതമാഗസിൻ തയ്യാറാക്കുന്നു | മാർച്ച് | Maths Club convener | III-IV | | | 1 |

**മേഖല : അക്കാദമികം**

**ഉപമേഖല : ഇംഗ്ലീഷ്**

**ലക്ഷ്യങ്ങൾ**

- ഇംഗ്ലീഷ് ഭാഷാപഠനത്തിലൂടെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറകടക്കാൻ പിന്തുണ നൽകുക
- ഇംഗ്ലീഷ് ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷിവർദ്ധിപ്പിക്കുക
- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ ഐ.ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക
- മികച്ച വായാനാശീലം ഇംഗ്ലീഷ് ഭാഷാ വികസിപ്പിക്കുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | പ്രവർത്തനഫലം വിലയിരുത്തൽ | ധനകാര്യ വിശകലനം | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 1 | **<u>പ്രീ ടെസ്റ്റ്</u>**<br>പ്രീടെസ്റ്റ് നടത്തിമികവുകളുള്ള കുട്ടികളെയും പരിമിതിയുള്ള കുട്ടികളെയും കണ്ടെത്തുന്നു | ജൂൺ | ക്ലാസ് ടീച്ചർ | I-IV | 100/വഹിക്കുന്ന സമിതി അധ്യാപകർ | പരിമിതിയുള്ള കുട്ടികളെ വ്യത്യസ്ത പഠന പ്രവർത്തനങ്ങളിലൂടെ മികച്ച നിലവാരത്തിലെത്തിക്കാൻ സാധിക്കുന്നു | 1 |
| 2 | **<u>റീഡിംഗ് കാർഡ്സ്</u>**<br>പരിമിതിയുള്ള കുട്ടികൾക്കാശ്യമായ വിവിധ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു(Readingcards/ Games/ Riddles/ Pictures etc) | ജൂലൈ | എസ് എസ് ജി അധ്യാപകർ | II-IV | | ഓരോ ക്ലാസിന്റെയും നിലവാരത്തിന് അനുയോജ്യമായവയായതു കൊണ്ട് | |
| 3 | **<u>ആക്ഷൻ സോങ്സ്</u>**<br>അഭിനയ ഗാനത്തിന് പ്രാധാന്യം നൽകുന്നതിനായി പാട്ടുകൾ ശേഖരിക്കുന്നു | മേയ് | | I-IV | | ഭാഷാ അനായാസമാക്കാൻ സഹായിക്കുന്നു. CPTA യിൽ അവതരിപ്പിക്കുന്നു | |
| 4 | **<u>Picture Dictionary</u>**<br>ബുദ്ധിമുട്ടുള്ള പദങ്ങൾ കണ്ടെത്തി അവയെ Alphabetical order–ൽ ക്രമീകരിച്ച് അർത്ഥം കണ്ടെത്തി പിക്ചർ ഡിഷ്ണറി തയ്യാറാക്കുന്നു | ജൂൺ-മാർച്ച് | | I-IV | | ഡിക്ഷണറി പരിചയപ്പെടുന്ന സഹായകമാകും | |
| 5 | **<u>Grouping and Newspaper Reading</u>**<br>ഒരു മികച്ച കുട്ടിയുള്ള ഗ്രൂപ്പിൽ പരിമതിയുള്ള കുട്ടിയെ കൂടി ഉൾപ്പെടുത്തി ഇംഗ്ലീഷ് പത്രം വായന | ജൂലൈ - മാർച്ച് | ന്യൂസ് പേപ്പർ സ്പോൺസർ ജനപ്രതിനിധികൾ | I-IV | | വായന മെച്ചപ്പെടുത്താൻ സാധിക്കും - ന്യൂസ്-നോട്ട് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കാൻ സഹായിക്കും | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | പ്രവർത്തനഫലം വിലയിരുത്തൽ | ധനകാര്യ വിശകലനം | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 6 | **<u>ഇംഗ്ലീഷ് അസംബ്ലി</u>**<br>കുട്ടികൾ തന്നെ നേതൃത്വം നല്കുന്നു. (Prayer Song, News reading, Pledge, General Knowledge) | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചേഴ്സ് കുട്ടികൾ | I-IV | 500/ | | 2 |
| 7 | **<u>Hello English Programme</u>**<br>ഇംഗ്ലീഷിൽ താല്പര്യം ജനിപ്പിക്കുന്നതിനുവേണ്ടി ഒരു വിശിഷ്ടാതിഥിയുടെ സാന്നിധ്യത്തിൽ ഒരു ദിവസം ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്നു. Hello English Programme ലൂടെ | ജനുവരി | ഇംഗ്ലീഷ് ക്ലബ് കൺവീനർ | I-IV | 500/ | ഇംഗ്ലീഷ് ഭാഷനിത്യജീവിതത്തിൽ പ്രയോഗിക്കുന്നതിന് ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കും | 2 |
| 8 | **<u>ഇംഗ്ലീഷ് ലൈബ്രറി</u>**<br>ക്ലാസിൽ ഇംഗ്ലീഷിലുള്ള പുസ്തകങ്ങൾ ക്രമീകരിക്കുന്നു(Reading card, Magicpot stroty books and Rhymes) | ജൂൺ | ഇംഗ്ലീഷ് ക്ലബ് കൺ വീനർ | I-IV | 1000/<br>ഗവൺമെന്റ് ബി ആർ സി (വഹിക്കുന്ന ചുമതല) | ആകർഷകമായി ചിത്രങ്ങളോടു കൂടിയതും ഗുണപാഠകഥകളും നിലവാരത്തിനനുസരിച്ച് ക്രമീകരിക്കുന്നു | |
| 9 | **<u>Choregraphy</u>**<br>ഇംഗ്ലീഷിനോടുള്ള താല്പര്യം ജനിപ്പിക്കുന്നതിന് പുതുമയാർന്ന പ്രവർത്തനങ്ങളായി തിയേറ്റർ ഗെയിം, കോറിയോഗ്രാഫി ഇവയ്ക്ക് പ്രാധാന്യം നല്കുന്നു | ജൂൺ-മാർച്ച് | | I-IV | 1000/<br>വഹിക്കുന്ന ചുമതല വിദഗ്ദർ | ബാലസഭയിൽ അവതരണം അഭിയനയിക്കുവാനും ആശയം വ്യക്തമായി ഗ്രഹിക്കുവാനും ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കും. പിന്നാക്കക്കാരും മുന്നോക്കക്കാരായി മാറും | 3,4 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | പ്രവർത്തനഫലം വിലയിരുത്തൽ | ധനകാര്യ വിശകലനം | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 10 | **<u>സ്കിറ്റ്</u>**<br>വ്യത്യ സ്ത Doalogues, Theme, description ഇവഎഴുതി തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു | ജൂൺ -മാർച്ച് | | I-IV | | വ്യത്യസ്ത സ്കിൽസ് മന സിലാക്കാൻ സാധിക്കും | 3,4 |
| 11 | **<u>ആൽബം</u>**<br>ഇംഗ്ലീഷിനെ സ്നേഹിക്കുന്നതിനും സ്വന്ത മായി സൃഷ്ടികൾ രൂപപ്പെടുത്തുന്ന തിനും സഹായിക്കുന്നു | സെക്കന്റ് ടേം | | I-IV | | ഫ്രൂട്ട്സ്, വെജിറ്റബിൾസ്, പക്ഷികൾ, മൃഗങ്ങൾ തുട ങ്ങിയവയും ചിത്രശേഖ രണം നടത്തുന്നതിനും അവയുടെ പേരുകൾ ഇംഗ്ലീഷിൽ എഴുതി സുക്ഷിക്കുന്നതിനും സാധിക്കുന്നു | 1,2 |
| 12 | **<u>ഇംഗ്ലീഷ് പഠനം-IT സാധ്യതയിലൂടെ</u>**<br>Small games and smart games<br>അദ്ധ്യാപകരുടെ സഹായത്തോടെ കമ്പ്യൂട്ടർ ഉപയോഗിച്ച് ലഘുകളിൽ ഏർപ്പെടുന്നു. ക്രമേണ കുട്ടികൾ സ്വയം നിർദ്ദേശങ്ങൾ വായിച്ച് ഗെയിംസ് പൂർത്തിയാക്കി സ്മാർട്ട് ആയി മാറുന്നു | ജൂൺ-മാർച്ച് | I-IV | | | ആത്മവിശ്വാസം വർദ്ധി ക്കുന്നു. കഥാപാത്രങ്ങളെ അറിയാനും നിറങ്ങൾ നൽകാനും നിർദ്ദേശ ങ്ങൾ പാലിക്കനും സഹാ യിക്കുന്നു | 3 |
| 13 | **<u>Lets enjoy together</u>**<br>Small Rhymes songs text ലെ Poems ഇവ Computer, Lab ഇവയുടെ സാധ്യത ഉപയോഗിച്ച് പഠനത്തിലേർപ്പെടുന്നു | ജൂൺ - മാർച്ച് | I-IV | | | | 3 |
| 14 | **<u>ഹോബി</u>**<br>ഒഴിവുവേളകളിൽ കമ്പ്യൂട്ടർ സ്വതന്ത്ര മായി ഉപയോഗിക്കുവാനുള്ള പരിശീലനം നൽകുന്നു | ജൂൺ-മാർച്ച് | I-IV | | | മൗസ്, കീബോർഡ് ഇവ ചലിപ്പിക്കാനുള്ള കഴിവ് സ്വായത്തമാക്കുന്നു. മാനസികോല്ലാസവും ലഭി ക്കുന്നു | 3 |

**മേഖല : അക്കാദമികം**

**ഉപമേഖല : ശാസ്ത്രം**

**ലക്ഷ്യങ്ങൾ**

1. പാരിസ്ഥിതിക അവബോധം വളർത്തുക
2. ശാസ്ത്ര പഠനശേഷി വികസിപ്പിക്കുക
3. ശാസ്ത്ര ചിന്ത, ശാസ്ത്രബോധം, Enquiry Skill ഇവ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
4. ശാസ്ത്രത്തിൽ സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
5. സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിനു ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 1 | **പരിസ്ഥിതി ക്ലബ് രൂപീകരിക്കൽ**<br>1 മുതൽ 4 വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തി പരിസ്ഥിതി ക്ലബ് രൂപീകരിക്കുന്നു | ജൂൺ | പരിസ്ഥിതി ക്ലബ് കൺവീനർ | | | പരിസ്ഥിതി അവബോധം ലഭിക്കുന്നു | 1 |
| 2 | **ബോധവത്കരണ ക്ലാസ്**<br>പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരന ക്ലാസ് നടത്തുന്നു | ജൂൺ | പരിസ്ഥിതി ക്ലബ് കൺവീനർ | I-IV | 500/ | രക്ഷിതാക്കൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ക്ലാസ് | 1 |
| 3 | **വീഡിയോ പ്രദർശനം**<br>പരിസ്ഥിതി മലിനമായാലുള്ള ദൂഷ്യങ്ങളെക്കുറിച്ചും പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ICT സാധ്യതയിലൂടെ | ജൂലൈ | | I-IV | | പോസ്റ്റർ രചന മുദ്രാഗീതം തയ്യാറാക്കൽ മുദ്രാവാക്യം ശുചിത്വപ്രവർത്തനങ്ങളിൽ ഏർപ്പെടുത്തി | 5 |
| 4 | **കുഞ്ഞറിവുകൾ, കുഞ്ഞുമാജിക്കുകൾ**<br>നിത്യജീവിതത്തിൽ പ്രയോഗക്കാവുന്ന ശാസ്ത്രീയ ചിന്തകൾ നുറുങ്ങുകൾ മാസത്തിൽ ഒരു ദിവസം മറ്റുള്ളവർക്ക് പകർന്നു നൽകുന്നു | സയൻസ് ക്ലബ്/ മാസത്തിലൊരിക്കൽ | പരിസ്ഥിതി ക്ലബ് കൺവീനൽ | I-IV | | ബാലസഭയിൽ മികവുകൾ കാട്ടി LITTLE SCIENTIST ആയി മാറുന്നു | 3 |
| **5** | **ശുചിത്വം**<br>"ശുചിത്വമില്ലായ്മ നാടിനാപത്ത്" എന്ന് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിന് "എന്റെ നാട് എന്റെ കൈകളിൽ ഭദ്രം എന്ന പ്രവർത്തനം നൽകുന്നു.<br>• സർവ്വേഫോം തയ്യാറാക്കുന്നു<br>• ഓരോ കുട്ടിയും സ്വന്തം വീട് നിരീക്ഷിക്കുന്നു. | ജൂലൈ | ക്ലാസ് ടീച്ചേഴ്സ് | | | ശുചിത്വബോധം വർദ്ധിപ്പിക്കും | |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| | • രക്ഷകർത്താവിന്റെ സഹായത്തോടെ തൊട്ടടുത്ത 2 വീടുകളും സന്ദർശിക്കുന്നു<br>• വൃത്തികേടായ സാഹചര്യങ്ങളുണ്ടെങ്കിൽ ഈച്ചയും കൊതുകും പെരുക മാരകരോഗങ്ങൾ വരാൻ സാധ്യതയുണ്ടെന്ന് ഭവനാംഗങ്ങളെ അറിയിക്കുക<br>• ആവശ്യമായ നിർദ്ദേശങ്ങൾ ഭവനാംഗങ്ങൾക്ക് നൽകി അവരുടെ ഒപ്പും വാങ്ങി ഫോർമാറ്റ് സൂക്ഷിക്കുക<br>• ഇടയ്ക്കിടെ ഭവനവന്ദർശനം നടത്തി ശുചിത്വം ഉറപ്പാക്കുക | ജൂലൈ | ടീച്ചർ, രക്ഷിതാക്കൾ | | 250/ | | 3,5 |
| | <u>ശുചിത്വ ക്ലബ്</u><br>കുട്ടികളെ 4 ഹൗസുകളായി തിരിച്ച് ഡ്യൂട്ടി നൽകി സ്കൂളിന്റെ ശുചിത്വം ഉറപ്പാക്കുക<br><u>House 1 – Kitchen</u><br><u>House 2 – Classroom</u><br><u>House 3- Toilet</u><br><u>4 – School surroundings</u> | ജൂൺ- മാർച്ച് | ശുചിത്വക്ലബ് കൺവീനർ | I-IV | | കുഞ്ഞുമനസുകളിൽ ശുചിത്വബോധം വർദ്ധിക്കാൻ സഹായിക്കും | 6 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 7 | **<u>ലഘുപരീക്ഷണങ്ങൾ</u>**<br>ലഘുപരീക്ഷണങ്ങൾ ചെയ്തു കാണിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിച്ചു? എന്നതിനുള്ള ഉത്തരം കണ്ടെത്തുന്നതിന് അവസരങ്ങൾ നൽകുന്നു.<br>പരീക്ഷണത്തിന്റെ ശാസ്ത്രം കുട്ടികൾക്ക് അനുഭവവേദ്യമാക്കുന്നു. അവരുടെ അഭിരുചി വർദ്ധിക്കുന്നു | ജൂൺ മാർച്ച് | കൺവീനർ | I -IV | | പഠനതാല്പര്യം വർദ്ധിപ്പിക്കും. അന്വേഷണചിന്ത രൂപപ്പെടും ശാസ്ത്ര തത്വം രേഖപ്പെടുത്തി സൂക്ഷിക്കുന്നു. | |
| 8 | **<u>ICT സാധ്യതയിലൂടെ ശാസ്ത്ര പരീക്ഷണങ്ങൾ</u>**<br>ശാസ്ത്രത്തിൽ സവിശേഷതാതാല്പര്യം പ്രകടിപ്പിക്കുന്ന കുട്ടികളെ Talent Lab ൽ ഉൾപ്പെടുത്തി ICT സഹായത്തോടെ കൂടുതൽ ശാസ്ത്രപരീക്ഷണങ്ങൾക്ക് അവസരം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലബ് കൺവീനർ | I -IV | | | 1,3 |
| 9 | **<u>മാഡം ക്യൂറി</u>**<br>മാഡം ക്യൂറിയുടെ ജീവിതാനുഭവങ്ങളും ശാസ്ത്രാനുഭവങ്ങളുമെല്ലാം നാടകീകരണം, കുറിപ്പ്, പോസ്റ്റർ തുടങ്ങിയവയിലൂടെയെല്ലാം ഹൃദിസ്ഥമാക്കൽ, അനുഭവക്കുറിപ്പുകൾ വായനയ്ക്ക് നൽകുന്നു. ശാസ്ത്രജ്ഞന്മാർ - കണ്ടുപിടിത്തങ്ങൾ | ഒക്ടോബർ - നവംബർ | അധ്യാപകർ | I -IV | | ശാസ്ത്രജ്ഞരുടെ ജീവിതചരിത്രങ്ങൾ കുട്ടികളെ സ്വാനീനിക്കും. ബാലസഭയിൽ അവതരിപ്പിക്കൽ | 4,5 |
| 10 | **<u>ശാസ്ത്രപ്രോജക്ടുകൾ</u>**<br>**<u>Talent Lab കാർക്ക്</u>**<br>ശാസ്ത്രജ്ഞന്മാരെയും അവരുടെ കണ്ടുപിടിത്തങ്ങളെയും പട്ടികപ്പെടുത്തൽ ശാസ്ത്രജ്ഞൻമാരുടെ ചിത്രങ്ങൾ ശേഖരിക്കൽ. | ഒക്ടോബർ- നവംബർ | ക്ലാസ് ടീച്ചേഴ്സ് | III -IV | | ശാസ്ത്രാഭിരുചി വർദ്ധിക്കും. ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കും | 4 |

**മേഖല : അക്കാദമികം**

**ഉപമേഖല : സാമൂഹികം**

**ലക്ഷ്യങ്ങൾ**

1. സാമൂഹികശാസ്ത്രപഠനശേഷി വികസിപ്പിക്കുക
2. സാമൂഹിക ശാസ്ത്രപഠനിത്തിൽ ഐ. ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക
3. സമൂഹിക ശാസ്ത്രപഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക
4. സാമൂഹിക ശാസ്തരപഠനത്തെ സാമൂഹിക ഇടപെടൽ ശേഷി വികസനത്തിന് പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
5. സാമൂഹിക പാരിസ്ഥിതിക അവബോധം വളർത്തുക

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 1 | **ഞാൻ ഒറ്റയ്ക്കല്ല(കുഞ്ഞുകഥകൾ)**<br>മനുഷ്യന് ഒറ്റയ്ക്ക് ജീവിക്കാൻ സാധ്യമല്ല. മനുഷ്യൻ സാമൂഹികജീവിയാണ്. ഒരുമിച്ചു നിന്നാൽ മാത്രമേ വിജയം കരസ്ഥമാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള ആശയം വരുന്ന ചെറുകഥകൾ പങ്കുവയ്ക്കുക | ജൂൺ | അധ്യാപകർ | I -IV | | കഥകേൾക്കാൻ താല്പര്യം വർദ്ധിക്കും. ദേശസ്നേഹം വളർത്താൻ സഹായിക്കും | 1 |
| 2 | **നമ്മുടെ രാജ്യം - ഇന്ത്യ**<br>സ്വാതന്ത്ര്യം നേടിയെടുക്കാൻ കഷ്ടതകൾ വഹിച്ച സ്വാതന്ത്രസമര സേനാനികളെയും നമ്മുടെ രാഷ്ട്രപിതാവിനെക്കുറിച്ചുള്ള ലഘു വിവരണങ്ങളും, അവരുടെ ചിത്രങ്ങളും ജീവിത ചരിത്രങ്ങളുമെല്ലാം പങ്കുവയ്ക്കുക | ഓഗസ്റ്റ് | അധ്യാപർ | I -IV | | സന്ദേശങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വ്യക്തിപരമായി ഓരോരുത്തരെയും മനസിലാക്കുവാനും സാധിക്കും | |
| 3 | **ജിഗ്സോപസിൽ നിർമ്മാണം**<br>• ഇന്ത്യ<br>• കേരളം<br>ഓരോ സംസ്ഥാനങ്ങളും ക്രമീകരിക്കുന്നു. ഓരോ സംസ്ഥാനങ്ങളുടെയും തലസ്ഥാനങ്ങളും പ്രധാനസ്ഥലങ്ങളും ജീവിതരീതിയും മനസിലാക്കുന്നു<br>• കേരളത്തിലെ ഓരോ ജില്ലകളെയും മനസിലാക്കുന്നു<br>• കുഞ്ഞുപാട്ടിലൂടെ 14 ജില്ലകളുടെയും പേര് ഹൃദിസ്ഥമാക്കുന്നു | ഓഗസ്റ്റ് നവംബർ | അധ്യാപകർ എസ് എസ് ജി | III -IV | | നമ്മുടെ ദേശത്തെക്കുറിച്ച് വ്യക്തമായി ഗ്രഹിക്കുന്നതിന് സഹായകമാകും. ഓരോ ജില്ലയുടെയും പ്രധാനസ്ഥലങ്ങൾകണ്ടെത്തിയെഴുതുവാനും സാധിക്കും | 1,2 |
| 4 | **MAP, GLOBE**<br>ഇവയുടെ സഹായത്തോടെ കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കുന്നു. കേരളത്തിന്റെ | ഓഗസ്റ്റ് - മാർച്ച് | | III -IV | | MAP, GLOBE<br>ഇവ പഠനത്തെ സാഹായിക്കുന്ന മാതൃകകളാണെന്ന് മനസിലാക്കാൻ സാധിക്കുന്നു. | 1,2 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| | Map വരച്ച് ജില്ലകൾ രേഖപ്പെടുത്തുന്നു | | | | | | |
| 5 | **ദിനാചരണങ്ങൾ**<br>സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദിനങ്ങൾ വ്യത്യസ്തമത്സരങ്ങൾ നടത്തുക. ആൽബം നിർമ്മാണം, പതാക നിർമ്മാണം, കവിതാരചന, പോസ്റ്റർ പതിപ്പുകൾ | ഓഗസ്റ്റ് - ജനുവരി | അധ്യാപകർ HM | I -IV | | സ്വാതന്ത്ര്യ സമരസേനാനികൾ, രക്തസാക്ഷികളായവർ, ഈ ദേശം നാം എങ്ങനെ കാത്തു സൂക്ഷിക്കണമെന്നുള്ള കാര്യങ്ങളെല്ലാം മനസ്സിലാക്കാൻ സാധിക്കുന്നു | |
| 6 | **റാലി**<br>സമൂഹത്തിന്റെ പങ്കാളിത്തത്തോടെ ആകർഷകമായ റാലികൾ സംഘടിപ്പിക്കുക | ജൂൺ- നവംബർ | എച്ച്. എം & ടീച്ചേഴ്സ് എസ് എസ് ജി പി റ്റി എ | I -IV | രൂപ : 1000/ | സമൂഹത്തെ വിദ്യാലത്തിനോടടുപ്പിക്കുന്നതിന് സഹായിക്കുന്നു. | |
| 7 | **ബോധവത്കരണ റാലി, പോസ്റ്റുകൾ**<br>സമൂഹത്തെ ലഹരിവസ്തുക്കൾ ഒഴിവാക്കാൻ പ്രേരിപ്പിക്കുന്ന Placards , Posters ഇവ ഉപയോഗിച്ചുകൊണ്ടുള്ള റാലികൾ സംഘടിപ്പിക്കുന്നു | ജൂൺ | | | | നല്ലൊരു നാടിനെ വാർത്തെടുക്കുവാനുള്ള ഒരു ശ്രമത്തിൽ എല്ലാ കുട്ടികളും പങ്കാളികളാകും | 5 |
| 8 | **വിരൽത്തുമ്പിൽ വിരുന്ന്**<br>എന്റെ രാജ്യം. എന്റെ സംസ്ഥാനം, എന്റെ ജില്ല, എന്റെ താലൂക്ക്, എന്റെ പഞ്ചായത്ത്, എന്റെ വിദ്യാലയം ഇവയെല്ലാം IT സാധ്യതയിലൂടെ മനസിലാക്കുന്നതിന് അവസരം നൽകുന്നു | ഓഗസ്റ്റ്- നവംബർ | അധ്യാപകർ | | | IT യിലൂടെയുള്ള പഠനം കുട്ടികളിൽ ഏറെ താല്പര്യം ജനിപ്പിക്കും | |
| 9 | **പഠനയാത്ര ഫീൽഡ് ട്രിപ്പ്**<br>പി.റ്റി.എ യുടെ സഹായത്തോടെ എന്റെ നാടിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനു വേണ്ടി പഠനയാത്രകൾ, ഫീൽഡ് ട്രിപ്പ് ഇവ നടത്തുന്നു | **ജനുവരി** | **എച്ച്.എം, പി. റ്റി.എ** | I -IV | | | 4,2 |

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 10 | **സമൂഹം - വിദ്യാലയത്തിൽ /CPTA**<br>കുട്ടികളുടെ സർഗ്ഗവാസനകൾ സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിനായി എല്ലാ മാസവും ക്ലാസ് പി.ടി എയും വർഷത്തിൽ ഒരു ദിവസം കലാപരിപാടികൾ നടത്തി രക്ഷിതാക്കളെയും സ്കൂളിൽ എത്തിക്കുക | മാർച്ച് | HM<br>PTA | I-IV | | സ്കൂൾ വാർഷികം തങ്ങളുടെ മക്കളുടെ സർഗ്ഗവാസനകൾ കണ്ട് ആസ്വദിക്കുവാനൊരു ദിനം രക്ഷിതാക്കൾക്കും, സമൂഹത്തിനും | 4 |
| 11 | **പെൺകരുത്ത്**<br>പ്രശസ്തരായ സ്ത്രീരത്നങ്ങളെ പരിചയപ്പെടുത്തൽ(പെൺകുട്ടികൾ പിന്നിലല്ല എന്ന് ഉറപ്പിക്കുന്നതിന്) അനുയോജ്യരായ സന്ദർഭങ്ങളിൽ<br>• മദർതെരേസ<br>• ഝാൻസിറാണി, ലക്ഷ്മി ഭായി<br>• കൽപനാ ചൗള<br>• ഇന്ദിരാഗാന്ധി<br>• മലാല യൂസഫ് സായ്<br>• സന്ധ്യ ഐ പി എസ്<br>• ശകുന്തളാദേവി | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | I-IV | | | 2,3 |
| 12 | **നേതാക്കൻമാർ, ധീര രക്തസാക്ഷികൾ**<br>ചുവരുകളിൽ ഭരണകർത്താക്കൾ, സാമൂഹ്യ പരിഷ്കർത്താക്കൾ, കവികൾ തുടങ്ങിയവരുടെ ചിത്രങ്ങൾ പ്രദർശിപ്പിക്കൽ കുഞ്ഞുമനസുകളിൽ ദേശസ്നേഹം ഉണർത്താൻ സഹായമാകും.<br>എന്റെ ജീവിതമാണ് എന്റെ സന്ദേശം ഗാന്ധിജിയുടെ വാക്കുകൾ. ഇത്തരം മഹദ് വചനങ്ങൾ ശേഖരിക്കുക | ജൂൺ -മാർച്ച് | | I-IV | രൂപ : 1000/ | ഇത്തരം മഹത് വചനങ്ങൾ നല്ലചിന്തകൾ കുഞ്ഞുമനസുകളിൽ നിറയ്ക്കുന്നതിന് സഹായകമാക ും | 1,2 |

| ക്രമ നമ്പർ | <u>പ്രവർത്തനങ്ങൾ</u> | കാല ദൈർഘ്യം | ചുമതല | ക്ലാസ് | ധനകാര്യ വിശകലനം | പ്രവർത്തനഫലം വിലയിരുത്തൽ | ലക്ഷ്യം നമ്പർ |
|---|---|---|---|---|---|---|---|
| 13 | <u>പത്രവായന</u><br>സമൂഹത്തെക്കുറിച്ചറിയുന്നതിന് പത്രവായന നിർബന്ധമാക്കും. ദിനവും പത്രം വായിക്കുന്നതിനുള്ളയ കേൾക്കുന്നതിനുള്ള സാഹചര്യം ഒരുക്കുക | ജൂൺ മാർച്ച് | ക്ലാസ് ടീച്ചേഴ്സ് | I-IV | | സമൂഹത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് രൂപപ്പെടുത്താൻ സാധിക്കും | 5 |
| | | | | | | | |

മേഖല : കായികം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| ഫുട്ബോൾ<br>ബാസ്ക്കറ്റ് ബോൾ<br>ബാഡ്മിന്റൻ<br>ക്രിക്കറ്റ്<br>അത്ലറ്റിക്സ്<br>കുട്ടികളെ അവരുടെ അഭിരുചിയ്ക്കനുസരിച്ചും ശരീരഘടനയ്ക്കും അനുസരിച്ച് സെലക്ട് ചെയ്ത് ഓരോ ഗെയിം പരിശീലിപ്പിക്കുന്നു. സ്കൂൾ ടീം ഉണ്ടാകുന്നു. പഠന സമയത്തിനു ശേഷം പ്രത്യേക അഭിരുചിയുള്ള കുട്ടികൾക്ക് പരിശീലനം നൽകുന്നു | കുട്ടികൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കുന്നു. മാനസിക ഉല്ലാസവും ശാരീരിക ക്ഷമതയും കൈവരുത്തുന്നു. കുട്ടികളിൽ സാമൂഹിക പ്രതിബദ്ധത വളർത്തുന്നു. | പി.റ്റി. എ പ്രതിനിധികൾ കായിക അദ്ധ്യാപകർ എച്ച് എം സ്കൂൾ സ്റ്റാഫ്സ് | ഓരോ ഗെയിമും സെലക്ട് ചെയ്ത് പരിശീലിപ്പിച്ചെടുക്കാൻ 45 മാസം വേണ്ടി വരും | ഗ്രൗണ്ട് ഫുട്ബോൾ ബാസ്കറ്റ് ബോൾ<br>ഷട്ടിൽ ബാറ്റ്<br>ഷട്ടിൽ കോക്ക്<br>ക്രിക്കറ്റ് ബാറ്റ്<br>ക്രിക്കറ്റ് ബാറ്റ്<br>സ്റ്റംമ്പ്സ്<br>അത്ലറ്റിക്സ്<br>ഷോട്ട് പുട്ട്<br>Long Jump pit<br>Disc |

## മേഖല : കല

| പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളുടെ സർഗ്ഗവാസനകളെ കണ്ടെത്തുക<br>• അവയെ പരിപോഷിപ്പിക്കുക<br>• ജീവിത വിജയത്തിന് കല ഒരു കൂട്ടായിത്തീരുക<br>• കലകൾ അവതരിപ്പിക്കാൻ ഉള്ള വേദികൾ ഒരുക്കികൊടുക്കുക | • ക്ലാസ് റൂം, പ്രവർത്തനങ്ങളിലൂടെയും ബാലസഭയിലൂടെയും കുട്ടികളുടെ സർഗ്ഗാത്മകത കണ്ടെത്തുക<br>• പ്രത്യേക പരിശീലനം നൽകി അവയെ പരിപോഷിക്കുക<br>• ചിട്ടയായ ഡാൻസ് പരിശീലനം<br>• പെയിന്റിംഗ്<br>• മെറ്റൽ എൻഗ്രാവിംഗ്<br>• എഴുതുന്നതിനുള്ള Chalk നിർമ്മാണം<br>• ചിത്രം വര<br>• നിറം നൽകൽ<br>• കവിത ചൊല്ലൽ | HM, PTA, Teachers | ജൂലൈ- മാർച്ച്<br>ആഗസ്റ്റ് - ഡിസംബർ | PTA,Teachers |

## മേഖല : ആരോഗ്യം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|
| 1. സംരക്ഷിക്കേണ്ടത് ഓരോരുത്തരുടെയും കടമയാണ്<br>2. ശുചിത്വ ശീലങ്ങൾ പാലിക്കുകയും. പ്രകൃതിക്കനുഗുണവ് | ➢ യോഗ(ഡോക്ടറുടെ സാന്നിധ്യത്തിൽ)<br>➢ ശുചിത്വക്ലബ് രൂപീകരണം<br>➢ എല്ലാവരും ശുചിത്വം പാലിക്കുന്നുണ്ടോ എന്നറിയാൻ ശുചിത്വചാർട്ട് (checklist)<br>➢ ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താൻ ബോധവത്സകരണ ക്ലാസ്<br>➢ അഭിനയ ഗാനങ്ങൾ ആരോഗ്യവുമായി ബന്ധപ്പെട്ടത് അവതരിപ്പിക്കൽ<br>➢ ആരോഗ്യ സംരക്ഷണത്തിൽ പച്ചക്കറികളുടെ സ്ഥാനം(ചർച്ച)<br>➢ ഓരോ പച്ചക്കറികളിലും പഴങ്ങളിലും അടങ്ങിയിരിക്കുന്ന വിറ്റാമിനുകളുടെ പട്ടികപ്പെടുത്തൽ Stamp It ഉപയോഗിച്ച് നിറം നൽകൽ<br>➢ ആരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട ചെറു പോസ്റ്ററുകൾ നിർമ്മിക്കുക | HM<br>ശുചിത്വക്ലബ് കൺവീനർ<br>ക്ലാസ് ടീച്ചർ<br>HM PTA<br>ക്ലാസ് ടീച്ചർ<br>പരിസ്ഥിതി ക്ലബ് കൺവീനർ<br>ക്ലാസ് ടീച്ചർ<br>ക്ലാസ് ടീച്ചർ | യോഗദിനത്തിൽ<br>ജൂൺ<br>ജൂൺ -മാർച്ച്<br>ജൂലൈ<br>ആഗസ്റ്റ്<br>ജൂൺ | 1000/<br>**PTA** |

## വാർഷിക പദ്ധതി

| <u>പ്രവർത്തനങ്ങൾ</u> | ദിനത്തിന്റെ പ്രാധാന്യം | പ്രവർത്തനങ്ങൾ | സാമ്പത്തികം | വഹിക്കുന്ന സമിതി |
|---|---|---|---|---|
| ആഗസ്റ്റ് | • ലോക സൗഹൃദ ദിനം<br>• ഹിരോഷിമ ദിനം<br>• നാഗസാക്കി ദിനം<br>• സ്വാതന്ത്ര്യദിനം | • സുഹൃത്ത് ബന്ധങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളുന്ന കഥകൾ, ജീവിത ചരിത്രം, വായന<br>• ഹിരോഷിമയിലും നാഗസാക്കിയിലും ജനങ്ങളുടെ അവസ്ഥാ ദോഷങ്ങളെക്കുറിച്ച് വിവരിക്കൽ<br>• പോസ്റ്റർ, പതാക ഉയർത്തൽ, മധുരം നൽകൽ ,ക്വിസ്, ദേശഭക്തിഗാനം, പ്രസംഗം, കലാപരിപാടികൾ | 1000/ | പി.റ്റി.എ |
| സെപ്റ്റംബർ | • അധ്യാപക ദിനം<br>• നേത്രദാന ദിനം<br>• ഓസോൺ ദിനം<br>• ലോക വിനോദസഞ്ചാര ദിനം | • അധ്യാപകരെ അനുകപരിച്ച് ക്ലാസ് , ഡോ രാധാകൃഷ്ണനെക്കുറിച്ച് വിവരണം<br>• നേത്രത്തിന്റെ പ്രാധാന്യം<br>• പരിസ്ഥിതി സംരക്ഷണം , ബോധവത്കരണം, ഓസോൺ പാളികളുടെ സംരക്ഷണം, പോസ്റ്റർ<br>• പ്രകൃതി ചിത്രം വര വിനോദസഞ്ചാര കേന്ദ്രങ്ങൾ Map നോക്കി കണ്ടെത്തൽ | | |

## വാർഷിക പദ്ധതി

| പ്രവർത്തനങ്ങൾ | ദിനത്തിന്റെ പ്രാധാന്യം | പ്രവർത്തനങ്ങൾ | സാമ്പത്തികം | വഹിക്കുന്ന സമിതി |
|---|---|---|---|---|
| ഡിസംബർ | എയ്ഡ്സ് ദിനം | • ചർച്ച- ജീവിതചര്യയിൽ വരുത്തേണ്ട മാറ്റങ്ങൾ, രോഗങ്ങളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തി രേഖപ്പെടുത്തൽ<br>• അവകാശങ്ങൾ മനസിലാക്കൽ<br>• ക്രിസ്തുമസ്സ് കരോൾ ദിനസന്ദേശം ക്രിസ്തുമസ്സ് ഫാദർ, ക്രിസ്തുമസ് ട്രീ ഒരുക്കി നിർമ്മാണ വിതരണം ചെയ്യൽ, മധുരം നൽകൽ, സദ്യ | | |
| ജനുവരി | • പുതുവത്സര ദിനം<br>• റിപ്പബ്ലിക് ദിനം<br>• രക്തസാക്ഷി ദിനം<br>• പഠനയാത്ര | • പുതുവർഷം സ്വാഗതം ചെയ്യൽ<br>• പതാക ഉയർത്തൽ,മധുരം നൽകൽ<br>• വായനക്കുറിപ്പ് തയ്യാറാക്കൽ, ഗാന്ധിജിയെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ച് കുറിപ്പ് തയ്യാറാക്കൽ<br>• യാത്രാ വിവരണം, കുറിപ്പ് തയ്യാറാക്കൽ | | |
| ഫെബ്രുവരി | • മാതൃഭാഷാ ദിനം | • കഥാ, കവിത നിർമ്മാണം, കവികളെ പരിചയപ്പെടുത്തൽ, കയ്യക്ഷരം മെച്ചപ്പെടുത്തൽ | | |
| മാർച്ച് | • ലോക വനിതാദിനം<br>• ലോക ജലദിനം<br>• സ്കൂൾ വാർഷികം | • സ്ത്രീകൾ സമൂഹ നന്മയ്ക്ക് ചർച്ച, പ്രശസ്ത വനിതകളെ പരിചയപ്പെടുത്തൽ<br>• വനദിനത്തിൽ വനങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത പോസ്റ്റർ<br>• ജലസംരക്ഷണത്തിന്റെ ആവശ്യകത<br>• വാർഷികത്തിന് മോടികൂട്ടാൻ എല്ലാം കുട്ടികൾക്കും വൈവിധ്യമാർന്ന സ്റ്റേജ് പ്രോഗ്രാം | | |